## കത്തുകൾ




# കാതിബിന്റെ കത്ത്

ശൈഖ് മുഹമ്മദ് കാരകുന്ന് പ്രകാശനം ചെയ്ത കാതിബിന്റെ കത്ത് (ലക്കം 50) വായിച്ചു. അല്ലാഹുവിന്റെ ഹാകിമിയ്യത്ത് തൗഹീദിന്റെ ഭാഗമല്ലെന്നും ഇസ്‌ലാമിന് രാഷ്ട്രീയത്തിലോ ഭരണത്തിലോ പ്രത്യേക വീക്ഷണമൊന്നുമില്ലെന്നും തോന്നിപ്പിക്കുന്ന രീതിയിലായിരുന്നു കേരളത്തിലെ മുജാഹിദ് പണ്ഡിതന്മാർ പ്രസംഗിച്ചിരുന്നതും എഴുതിയിരുന്നതും. ഈ തെറ്റ് തിരുത്തണമെന്നാണ് പണ്ഡിതനായ അവരുടെ നേതാവ് ഉപദേശിക്കുന്നത്. ഈ ഉപദേശം സ്വീകരിക്കപ്പെട്ടാൽ ഒരനാവശ്യ തർക്കത്തിന് അന്ത്യമാവും. ഹാകിമിയ്യത്ത് അല്ലാഹുവിന് മാത്രമാണെന്ന വാദം ഖവാരിജുകളുടേതായി ചുരുക്കുന്നതാണ് തെറ്റ്. അത് ഇസ്‌ലാമിന്റെ വാദമാണ്.

എന്നാൽ സ്നേഹം, ഭക്തി പോലുള്ള കാര്യങ്ങളിൽ പ്രവാചകന്റെ ചര്യയിൽനിന്ന് വ്യതിചലിക്കുന്നവൻ തൗഹീദിൽ നിലകൊള്ളുന്നവനായി പരിഗണിക്കപ്പെടുകയില്ല എന്ന വാദം ശരിയല്ല. ഈ വിഷയത്തിൽ കേരള ജംഇയ്യത്തുൽ ഉലമായുടെ വീക്ഷണം തന്നെയാണ് ശരി. അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്ന വ്യക്തി വൻപാപം ചെയ്താൽ കാഫിറാകുമെന്നത് ഖവാരിജീവാദം തന്നെയാണ്. ഭക്തിയിലും അനുഷ്ഠാനങ്ങളിലും നബിയുടെ നിർദേശങ്ങൾ പാലിക്കുന്നതിൽ വിശ്വാസിയുടെ പക്ഷത്തുനിന്ന് വരുന്ന വ്യതിചലനങ്ങൾ മൂലം ഒരാൾ അവിശ്വാസിയാവുകയില്ല. വേദിച്ചു മടങ്ങാൻ അവസരമുണ്ട്. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കാതിരിക്കുന്നതും അല്ലാഹുവിന്റെ സർവാധിപത്യത്തെ (ഹാകിമിയ്യത്തിനെ) നിഷേധിക്കുന്നതും ഖുർആനും സുന്നത്തും ഒരു വ്യാഖ്യാനത്തിനും പഴുതില്ലാത്തവിധം സുവ്യക്തമായി പ്രസ്താവിച്ച വിധിവിലക്കുകളെ തള്ളിപ്പറയുന്നതും അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ പങ്കുകാരെ ആരോപിക്കുന്നതുമാണ് ശിർക്കും കുഫ്റും.

മനുഷ്യപ്രവർത്തനങ്ങളിൽ ചിലത് തൗഹീദിന്റെ ഭാഗമല്ലെന്നുള്ള ജംഇയ്യത്തുൽ ഉലമായുടെ വീക്ഷണം ശരിയല്ല. ഒരു മുസ്‌ലിമിന്റെ മുഴുവൻ വിശ്വാസങ്ങളും പ്രവർത്തനങ്ങളും തൗഹീദിന്റെ ഭാഗം തന്നെയാണ്. ഇതുകൊണ്ടാണ് മനുഷ്യജീവിതം മുഴുവൻ ദൈവാരാധനയാണെന്നും അല്ലാഹുവിനെ ആരാധിക്കാൻ മാത്രമാണ് മനുഷ്യരെ സൃഷ്ടിച്ചതെന്നും ഖുർആൻ പറയുന്നത്. ഖുർആന്റെ ഈ പ്രഖ്യാപനം വേണ്ടരീതിയിൽ ജംഇയ്യത്തുൽ ഉലമാ ഉൾക്കൊണ്ടിട്ടില്ല. ഇതാണ് ഇബാദത്തിന്റെ കാര്യത്തിൽ അനാവശ്യമായ വാദങ്ങളുമായി അവർ മുന്നോട്ടുവരാനുള്ള കാരണം.

മാസപ്പിറവിയുടെ കാര്യത്തിൽ കാതിബിന്റെ വീക്ഷണം മുസ്‌ലിം ഭൂരിപക്ഷത്തിന്റെ വീക്ഷണത്തെ ശരിവെക്കുന്നതാണ്.

**പ്രഫ. ഓമാനൂർ മുഹമ്മദ്**

# 'വികസന'ത്തിനെതിരെ കോൺഗ്രസ് ചങ്ങല!

കേരളം വൈദ്യുതി പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുമ്പോൾ, അതിനെ തരണം ചെയ്യാൻ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നത് വികസനമല്ലാതെന്ത്? പ്രത്യേകിച്ച് രമേശ് ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിൽ. എക്സ്പ്രസ് വേ, കരിമണൽ ഖനനം തുടങ്ങി പരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും തകർക്കുന്ന 'വികസന'ത്തിനെതിരെ സോളിഡാരിറ്റി ജനകീയ സമരമുഖങ്ങൾ തുറന്നപ്പോൾ അവരെ വികസനവിരോധികളെന്ന് അധിക്ഷേപിച്ചവരാണ് കോൺഗ്രസ്സുകാരടക്കമുള്ള വലതുപക്ഷം. ഇപ്പോഴിതാ യൂത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ, പാത്രക്കടവ് ജലവൈദ്യുത പദ്ധതിക്കെതിരെ നാലു കിലോമീറ്റർ നീളത്തിൽ മനുഷ്യച്ചങ്ങല സൃഷ്ടിച്ചിരിക്കുന്നു! ചങ്ങലക്കാരെ അഭിസംബോധന ചെയ്ത് രമേശ് ചെന്നിത്തല ആവേശത്തോടെ പ്രസംഗിച്ചു: 'യു.ഡി.എഫ് അധികാരത്തിൽ വന്നാൽ പാത്രക്കടവ് പദ്ധതി നടപ്പാക്കില്ല'. അധികാരത്തിലിരുന്നപ്പോൾ ജനകീയ പ്രശ്നങ്ങളിൽ ഇത്തരം നിലപാടുകൾ എടുത്തിരുന്നെങ്കിൽ പ്രതിപക്ഷത്തിരുന്ന് ഇപ്പോൾ ഇങ്ങനെയൊരു വർത്തമാനം പറയേണ്ടിവരുമായിരുന്നോ?

പ്രബുദ്ധമായ കേരളീയ പൊതുമണ്ഡലത്തിൽ അൽപമെങ്കിലും ഇടം ലഭിക്കണമെങ്കിൽ ഇത്തരം വിഷയങ്ങളിൽ, മനസ്സിൽ തട്ടാതെയാണെങ്കിലും ഈ രീതിയിൽ എന്തെങ്കിലുമൊക്കെ പറഞ്ഞേ പറ്റൂ എന്ന ബോധം കോൺഗ്രസ്സിനകത്തുപോലും രൂപം കൊണ്ടത് ജനപക്ഷത്ത് നിലയുറപ്പിച്ച ധാർമിക പ്രസ്ഥാനങ്ങൾ നടത്തിയ നിരന്തര പോരാട്ടങ്ങളുടെ ഫലമാണെന്നതിൽ സംശയമില്ല.

**സ്വലാഹുദ്ദീൻ മമ്പാട്**

# അധരസേവയിലൊതുങ്ങുന്ന സ്ത്രീശാക്തീകരണം

സ്ത്രീകൾ അവഗണിക്കപ്പെടുകയും പുറംതള്ളപ്പെടുകയും ചെയ്യുന്നതിനെതിരെ വാചാലമാവാത്ത സംഘടനകളില്ല. എന്നാൽ അധികാരസ്ഥാനങ്ങളിലും നേതൃപദവികളിലും സ്ത്രീകളെ പങ്കാളികളാക്കുന്ന കാര്യം വരുമ്പോൾ, വിപ്ലവ പാർട്ടികൾ പോലും പുരുഷമേധാവിത്വത്തിന്റെ പരോക്ഷ വക്താക്കളായി മാറുന്നത് കാണാം.

സ്ത്രീ ശാക്തീകരണത്തിൽ ഡി.വൈ.എഫ്.ഐ വേണ്ടത്ര താൽപര്യമെടുക്കുന്നില്ലെന്ന പരാതിയുമായി ആ സംഘടനയിലെ വനിതാ പ്രതിനിധികൾതന്നെ മുന്നോട്ടുവന്നിരിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ കേന്ദ്ര നേതൃത്വം പരാജയപ്പെട്ടുവെന്നും, നിയമനിർമാണ സഭകളിലെ വനിതാ സംവരണം ചർച്ച ചെയ്യപ്പെട്ടപ്പോൾ ഡി.വൈ.എഫ്.ഐ ശക്തമായി രംഗത്തു വന്നില്ലെന്നും, സി.പി.എമ്മിന്റെ സ്ഥാനാർഥി ലിസ്റ്റുകളിൽ സ്ത്രീകൾക്ക് സ്ഥാനം ലഭിക്കാത്ത സാഹചര്യമുണ്ടെന്നുമൊക്കെ ചെന്നൈയിൽ നടന്ന ഡി.വൈ.എഫ്.ഐയുടെ 8-ാമത് ദേശീയ സമ്മേളനത്തിൽ വനിതാ പ്രതിനിധികൾ തുറന്നടിച്ചു. സ്ത്രീപ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് കേന്ദ്ര കമ്മിറ്റിയിൽ കൂടുതൽ വനിതകളെ ഉൾപ്പെടുത്തണമെന്നും അവർ ആവശ്യപ്പെടുകയുണ്ടായി.

വോട്ടർമാരിൽ പകുതിയിലേറെ സ്ത്രീകളുള്ള, 88 ശതമാനം സ്ത്രീസാക്ഷരതയുള്ള കേരളത്തിൽ നിയമസഭയിലേക്ക് മത്സരിക്കുന്ന സ്ഥാനാർഥികളിലെ സ്ത്രീ പ്രാതിനിധ്യം നാമമാത്രമാണ്. സ്ത്രീകളോടുള്ള സമീപനം ഇവിടെ ഇതാണെങ്കിൽ മറ്റിടങ്ങളിലെ കാര്യം പറയാനുണ്ടോ? പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം വേണമെന്ന് ആത്മാർ

ഥമായി വാദിക്കുന്ന സംഘടനകൾ വിരളമാണ്.

കേരളത്തിൽ വനിതാ ജനപ്രതിനിധികൾ 9 ശതമാനം മാത്രം! കാൽനൂറ്റണ്ടിലേറെയായി ഇടതുപക്ഷം ഭരിക്കുന്ന ബംഗാളിലാവട്ടെ വെറും 7 ശതമാനവും. മാർക്സിസ്റ്റ് പാർട്ടിയുടെ 67 അംഗ കേന്ദ്രകമ്മിറ്റിയിൽ വനിതകൾ മൂന്ന്! 'നിർണായക തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവരെയാണ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതെന്നും സമിതിയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന് പരമാവധി ശ്രമിച്ചുവെങ്കിലും കഴിവുള്ളവരെ കണ്ടെത്താനായില്ലെന്നു'മായിരുന്നു, മുമ്പൊരിക്കൽ ഹർകിഷൻ സിംഗ് സുർജിത് നൽകിയ വിശദീകരണം.

**റഹ്മാൻ മധുരക്കുഴി**

## വഅ്ള് പ്രസക്തം തന്നെ

വഅ്ളിനെക്കുറിച്ച് വി.ടി അനീസ് അഹ്മദ് എഴുതിയ വിയോജനക്കുറിപ്പ് (കത്തുകൾ, ലക്കം 48) വായിച്ചു. ഖുത്വ്ബകൾ, പത്ര-പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ഖുർആൻ പഠനവേദികൾ, സ്റ്റഡി ക്ലാസ്സുകൾ, റമദാൻ പ്രഭാഷണങ്ങൾ, വയോജന വിദ്യാഭ്യാസ പരിപാടികൾ തുടങ്ങി ദീനീ വിജ്ഞാന പ്രചാരണത്തിന് ഫലപ്രദമായ ഒട്ടേറെ സംവിധാനങ്ങൾ നാട്ടിൽ നിലവിലുള്ളപ്പോൾ ഇവക്കിടയിൽ 'വഅ്ളി'ന്റെ ഇടം/ പ്രസക്തി എവിടെയാണെന്ന് മനസ്സിലാകുന്നില്ലെന്ന് അദ്ദേഹം എഴുതുന്നു.

മേൽ പറഞ്ഞ സംവിധാനങ്ങൾ സമുദായത്തിലെ എത്ര ശതമാനം പേർക്ക് പ്രയോജനപ്പെടുന്നുണ്ട്? ഈ സംവിധാനങ്ങളോട് അവയുടെ സംഘടനാ ചായ്‌വിന്റെ പേരിൽ ബന്ധപ്പെടാൻ താൽപര്യം കാണിക്കാത്ത, മുൻവിധികളുടെ പേരിൽ പത്ര-പ്രസിദ്ധീകരണങ്ങൾ വായിക്കാത്ത, പുസ്തക വായനയിൽ ഒട്ടും താൽപര്യമില്ലാത്ത, സ്വന്തം മഹല്ലിലെ പള്ളികൾ വിട്ട് മറ്റു പള്ളികളിൽ പോവുകപോലും ചെയ്യാത്ത ഭൂരിപക്ഷത്തിന് ഇസ്‌ലാമിക സന്ദേശം യുക്തിഭദ്രമായി എത്തിക്കുന്നതിനുള്ള മാധ്യമമായി വഅ്ളിനെ എന്തുകൊണ്ട് കണ്ടുകൂടാ?

പരമ്പരാഗത വഅ്ളിൽനിന്ന് വ്യത്യസ്തമായി കാലഘട്ടത്തിന്റെ ഭാഷയിൽ, വിഷയാധിഷ്ഠിതമായി നടത്തുന്ന വഅ്ളുകൾക്ക് പ്രസക്തിയില്ലെന്നോ? സംഘടനാ വിമർശനങ്ങളോ ഖണ്ഡന മണ്ഡനങ്ങളോ ഇല്ലാതെ, ആർഭാടത്തിന്റെയോ അതിഭാവുകത്വത്തിന്റെയോ അകമ്പടിയില്ലാതെ അവതരിപ്പിക്കപ്പെടുമ്പോൾ അത് സ്വീകരിക്കപ്പെടുകയില്ലേ?

മികച്ച ആസൂത്രണത്തോടെ, വർധിച്ച ജനപങ്കാളിത്തം ഉറപ്പു വരുത്തി സഹോദര സമുദായാംഗങ്ങൾക്കിടയിൽ സ്നേഹ സംവാദങ്ങളും ഡയലോഗുകളും സംഘടിപ്പിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്, ഇതേ രീതിയിൽ വഅ്ളിനെയും ഉപയോഗപ്പെടുത്താൻ ശ്രമിക്കാവുന്നതേയുള്ളൂ. സമുദായത്തിലെ സാധാരണക്കാർക്ക് ഇസ്‌ലാമിക പ്രസ്ഥാനത്തെ പ്രാപ്യമാക്കാനും അവരെ ഒപ്പം നിർത്താനും ഇത്തരം പരിപാടികളിലൂടെ സാധിക്കും.

സാധാരണക്കാരുടെ വിശ്വാസ വൈകല്യങ്ങൾ തിരുത്തുന്നതിൽ വഅ്ളുകൾക്ക് ചെലുത്താവുന്ന സ്വാധീനം ചെറുതല്ലെന്ന വസ്തുത കാണാതെ പോകരുത്.

**അബൂ ഹബീബ് ദമ്മാം**

## ശിർക്കും ദൈവികശിക്ഷയും

തൗഹീദിന്റെ (ഏകദൈവത്വം) ഭൂമിക എത്ര വിശാലമാണോ അത്രയും വ്യാപകമായ മറുവശം ശിർക്കി(ബഹുദൈവത്വം)നുണ്ടെന്ന് മനസ്സിലാക്കപ്പെടേണ്ടതുണ്ട്. അഥവാ ഒരു സർവേശ്വരൻ (അല്ലാഹു) മേലെ ഉണ്ട് എന്നു മാത്രം വിശ്വസിക്കലോ അവനെ മാത്രം ആരാധിക്കലോ വിളിച്ചു പ്രാർഥിക്കലോ മാത്രമല്ല തൗഹീദിന്റെയും ശിർക്കിന്റെയും മർമം. പ്രത്യുത അവനെ മാത്രം അനുസരിക്കലും മുഴുജീവിതവും അവന്റെ മാത്രം വിധിവിലക്കുകൾക്കൊത്ത് രൂപപ്പെടുത്തലുമാണ്. തദടിസ്ഥാനത്തിൽ ചിന്തിക്കുമ്പോഴാണ് പൂർവ സമുദായങ്ങൾ നശിപ്പിക്കപ്പെടാനുണ്ടായ മൗലികകാരണം ശിർക്കാണെന്ന് ബോധ്യപ്പെടുക. സമ്പത്തിന് തന്റെ ജീവിതത്തിൽ പരമമായ സ്ഥാനം നൽകുന്നവൻ അതുവഴി പണത്തെ ദൈവമാക്കുകയും ശിർക്ക് ചെയ്യുകയുമാണെന്ന് സൂറഃ *അൽകഹ്ഫിൽ* (32-38) ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഈ മാനദണ്ഡം മുമ്പിൽവെച്ച് പോയകാല ജാഹിലിയ്യാ സമൂഹങ്ങളെ വിലയിരുത്തുക. അവരെയൊക്കെ 'ആത്മപൂജാ ശിർക്ക്' ഭരിച്ചതായി നമുക്ക് ബോധ്യപ്പെടും (ഖുർആന്റെ ഭാഷയിൽ അല്ലാഹുവിനു പകരം അവർ ദേഹേഛയെ ഇലാഹാക്കി). മിസ്റിന്റെ ചോദ്യം ചെയ്യപ്പെടാത്ത ഭരണാധികാരിയാണ് താനെന്ന് വാദിച്ച ഫിർഔനും ലൈംഗിക കുറ്റങ്ങളിലേർപ്പെട്ട ലൂത്വി(അ)ന്റെ ജനതയും പടുകൂറ്റൻ കെട്ടിടങ്ങൾ പണിത് പൊങ്ങച്ചം പ്രകടിപ്പിച്ച ആദും സമൂഹവും അളവുതൂക്കങ്ങളിൽ ദൈവം ഇടപെടേണ്ടന്നു വാദിച്ച മദ്‌യൻ ജനതയും... അവരൊക്കെയും വിവിധ രൂപേണ ശിർക്ക് ചെയ്യുകയായിരുന്നു. അഥവാ ശിർക്കൻ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ- നാഗരിക കുറ്റങ്ങളിൽ വ്യാപൃതരാവുകയും പരിധിവിടുകയും ചെയ്തപ്പോഴായിരുന്നു ആ സമുദായങ്ങളെയൊക്കെ ദൈവം നശിപ്പിച്ചത്. ഖുർആൻ പറയുന്നു: "വിശ്വസിക്കാനേ വിചാരമില്ലാത്ത ജനത്തിന് ദൃഷ്ടാന്തങ്ങൾ കൊണ്ടും താക്കീതുകൾ കൊണ്ടും എന്തു പ്രയോജനം! ഇനി ഇക്കൂട്ടർ ഇവർക്കു മുമ്പ് കഴിഞ്ഞുപോയ ജനങ്ങൾ നേരിട്ട അതേ ദുർദിനത്തെ നേരിടുകയല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കുന്നത്? അവരോട് പറയുക: ശരി, കാത്തിരിക്കുവിൻ. നിങ്ങളോടൊപ്പം ഞാനും കാത്തിരിക്കാം. പിന്നീട് ( ആ സന്ദർഭം ആസന്നമാകുമ്പോൾ) നമ്മുടെ ദൂതന്മാരെയും വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തുന്നു. ഇതു തന്നെയാകുന്നു നമ്മുടെ ചര്യ. വിശ്വാസികളെ രക്ഷിക്കുകയെന്നത് നമ്മുടെ ബാധ്യതയാകുന്നു" (*യൂനുസ്* 101-103).

എന്നാൽ ഓരോ സമൂഹം നശിപ്പിക്കപ്പെടുമ്പോഴും 'അവരതാ ശിർക്ക് കാരണം നശിപ്പിക്കപ്പെട്ടു' എന്ന് വിശുദ്ധ ഖുർആൻ വിളിച്ചുപറയുന്നില്ലെന്നത് ശരിയാണ്. പകരം ആ സമൂഹത്തിൽ മുഴച്ചുനിന്ന തിന്മകളെ പരാമർശിക്കുകയാണ് ഖുർആന്റെ പതിവ്. വിശുദ്ധ ഖുർആന്റെ ആശയഗാംഭീര്യമാർന്ന പ്രതിപാദന ശൈലി അറിയാവുന്ന ആരും ഇതിൽ അത്ഭുതപ്പെടില്ല. ദൈവികഗ്രന്ഥത്തിൽ ഏറ്റവും ശക്തമായി ശിർക്ക്ഖണ്ഡനം നടക്കുന്ന സൂറഃ *അൽ ഇഖ്‌ലാസി*ൽ പോലും ശിർക്ക് എന്നൊരു പരാമർശമില്ലല്ലോ.

ശൈഖ് മുഹമ്മദ് കാരകുന്ന് തന്റെ ലേഖനത്തിൽ ('ബഹുദൈവാരാധന, സാമൂഹികനീതി, ജനകീയ പോരാട്ടം'- ലക്കം 45) ഉദ്ധരിക്കുന്ന സൂറഃ *ഹൂദ്* 117-ാം സൂക്തത്തിന്റെ അർഥം 'നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു അന്യായമായി ആ നാടുകളെ നശിപ്പിക്കുകയില്ല' എന്നായാൽ തെറ്റല്ലെന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്. അതോടൊപ്പം 'നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു ശിർക്ക് കാരണം-*ബിളുൽമിൻ*- ആ നാടുകളെ നശിപ്പിക്കുകയില്ല' എന്നതാണ് കൂടുതൽ ശരിയായ പരിഭാഷയെന്നും വാദിക്കുന്നു. എന്നാൽ അതിനുവേണ്ടി അദ്ദേഹം ഉദ്ധരിച്ച ഇബ്നു അബ്ബാസ്(റ), റാസി, ഖുർത്വുബി, ത്വബരി, ശൗകാനി, ആലൂസി തുടങ്ങി അമാനി മൗലവി വരെയുള്ളവരുടെ വാക്കുകൾ പരിശോധിച്ചാൽ മനസ്സിലാവുക, ശിർക്ക് വെറും വിശ്വാസകാര്യമായി മാത്രം ഒതുങ്ങുന്ന ഒരു ജനതയെ ആ തെറ്റിന്റെ പേരിൽ അല്ലാഹു ഭൂമിയിൽ ശിക്ഷിക്കുകയില്ലെന്നു മാത്രമാണ്. അഥവാ പ്രസ്തുത ശിർക്ക് അനുസരണ ശിർക്കിലേക്ക് കടക്കുകയും തദ്വാരാ ഭൂമിയിൽ അത് നാശമായി പ്രത്യക്ഷീഭവിക്കുകയും ചെയ്യുമ്പോൾ തീർച്ചയായും ആ ജനത ശിക്ഷിക്കപ്പെടുമെന്ന് അവർ തന്നെ വ്യക്തമാക്കുന്നുണ്ട്.

**ഹസനുൽ ബന്നാ**
**കുഞ്ഞിമംഗലം, കണ്ണൂർ**